# പതിമൂന്നാം കേരള നിയമസഭ

എട്ടാംസമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1149 | 21.03.2013ൽ മറുപടിയ്ക്ക്

## മലയാള സർവ്വകലാശാല

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.എം.പി.വിൻസന്റ്<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ഷാഫി പറമ്പിൽ | ശ്രീ.പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| എ | സംസ്ഥാനത്ത് മലയാള സർവ്വകലാശാലയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ | 2012 നവംബർ 1 ന് ഔപചാരികമായി മലയാള സർവ്വകലാശാല നിലവിൽ വന്നു. മുൻ ചീഫ് സെക്രട്ടറി ശ്രീ.കെ.ജയകുമാറിനെ പ്രസ്തുത സർവ്വകലാശാലയിലെ വൈസ് ചാൻസലറായി നിയമിച്ചിട്ടുണ്ട്. |
| ബി | ഭാഷയുടെയും സംസ്കാരത്തിന്റെയും സൂക്ഷ്മതലങ്ങൾ വിശദമായി പഠിക്കുന്നതിനും ഗവേഷണം നടത്തുന്നതിനും സർവ്വകലാശാല കോഴ്സുകളിൽ പ്രത്യേക ഊന്നൽ നൽകുമോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ; | ബി | ഭാഷയിലും സംസ്കാരത്തിലുമുള്ള സാരവത്തായ പഠനത്തിനും ഗവേഷണത്തിനും കളമൊരുക്കുകയെന്ന ലക്ഷ്യത്തോടെയാണ് മലയാള സർവ്വകലാശാല സ്ഥാപിതമായിട്ടുള്ളത്. മലയാള ഭാഷാ പഠനാലയത്തിന്റെ കീഴിൽ മലയാള ഭാഷയുടെ പ്രാചീനത, മറ്റു ഭാഷകളുമായുള്ള ബന്ധം, കാലഘട്ടങ്ങളിലൂടെയുള്ള വികാസപരിണാമങ്ങൾ, സവിശേഷതകൾ എന്നിവയിലൂന്നിയ ഭാഷാ ചരിത്രത്തിലുള്ള ബിരുദാനന്തര പഠന കോഴ്സുകൾ ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ട്.സാംസ്കാരിക പഠനാലയത്തിൽ പ്രധാനമായും |

| | | | |
|---|---|---|---|
| | | | കേരളത്തിന്റെ സാംസ്കാരിക നരവംശശാസ്ത്രം, സാംസ്കാരിക പഠനങ്ങൾ പ്രാദേശിക പഠനങ്ങൾ എന്നിങ്ങനെ വിവിധ കോഴ്സുകൾ ആരംഭിക്കാം. നാട്ടറിവുകൾ, പഴമൊഴികൾ, ആചാരങ്ങൾ, ഒരു ജനതയുടെ മതപരവും മതേതരവുമായ സാംസ്കാരിക വിശ്വാസങ്ങൾ, അന്യം നിന്നു പോയതും ജനങ്ങളുടെ വൈകാരികമായ ആവശ്യങ്ങൾ നിറവേറ്റിപ്പോന്നതുമായ ഉത്സവങ്ങൾ, സമകാലിക ജീവിതം വരുത്തുന്ന മാറ്റങ്ങൾ എന്നിവയൊക്കെ സൂക്ഷമമായി രേഖപ്പെടുത്തുന്നതിനും പഠിക്കുന്നതിനും അപഗ്രഥിക്കുന്നതിനുമുള്ള കോഴ്സുകൾ പൈതൃകപഠനകോശത്തിന്റെ കീഴിൽ ആരംഭിക്കാവുന്നതാണ്. |
| സി | നടപ്പു സാമ്പത്തിക വർഷം സർവ്വകലാശാലാ പ്രവർത്തനത്തിന് എന്തു തുക അനുവദിച്ചിട്ടുണ്ട്; | സി | 2012-13 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| ഡി | സർവ്വകലാശാലയിൽ വിദ്യാർത്ഥികൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കും എന്തെല്ലാം സൗകര്യങ്ങളാണ് സജ്ജമാക്കിയിട്ടുള്ളത്; | ഡി | ആദ്യവർഷം 360 വിദ്യാർത്ഥികൾക്കും 30 ഗവേഷണ വിദ്യാർത്ഥികൾക്കും അഡ്മിഷൻ ഉണ്ടായിരിക്കും. ഒരു ഗവേഷണ കൗൺസിൽ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ഗവേഷണങ്ങളും മറ്റ് പ്രോജക്ടുകളും ഗവേഷണ കൗൺസിൽ വിശദമായി പരിശോധിച്ച് ശുപാർശകളോടെ അക്കാദമിക് കൗൺസിലിന് സമർപ്പിക്കും. വിശിഷ്ടാദ്ധ്യാപകരെ Writers in Residence എന്ന പരിപാടിയിൽ ഉൾപ്പെടുത്തി എഴുത്തുകാരെയും മറ്റു കലാകാരന്മാരെയും ക്ഷണിക്കാൻ സാധിക്കും.. ഇതിന്റെ ഫലമായി കേരളത്തിനകത്തും പുറത്തും |

| | |
|---|---|
| | വിദേശത്തുമുള്ള പ്രധാനപ്പെട്ട എഴുത്തുകാർക്കും പണ്ഡിതർക്കും കലാകാരന്മാർക്കും പ്രൊഫസർമാർക്കും സർവ്വകലാശാലയുമായി സർഗ്ഗാത്മകമായ ബന്ധം നിലനിർത്താൻ സാധിക്കും. അതിന്റെ പ്രയോജനം വിദ്യാർത്ഥികൾക്കും ഗവേഷകർക്കും ലഭിക്കുകയും ചെയ്യും. |
| ഇ യു.ജി.സി ധനസഹായം ലഭിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ? | ഇ സർവ്വകലാശാലയ്ക്ക് പ്രാരംഭകാലത്ത് സംസ്ഥാന സർക്കാരിൽ നിന്ന് മാത്രമേ പ്രധാനമായും സാമ്പത്തിക സഹായം ലഭ്യമാവുകയുള്ളൂ. എങ്കിലും യു.ജി.സി, യുണെസ്കോ, കേന്ദ്ര സാംസ്കാരിക വകുപ്പ്, മാനവവിഭവശേഷി മന്ത്രാലയം , വിദേശ മലയാളികൾ എന്നീ സ്രോതസ്സുകളിൽ നിന്ന് പണം സ്വരൂപിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ